**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4457** **18-03-2025 - ൽ മറുപടിയ്ക്ക്**

**അപ്രൈസർമാർക്കും ബിൽ കളക്ടർമാർക്കുമുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും വിരമിച്ച അപ്രൈസർമാർക്കും ബിൽ കളക്ടർമാർക്കും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച 25.06.2024-ലെ ബഹു. ഹൈക്കോടതി വിധി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും വിരമിച്ച അപ്രൈസർമാർക്കും, ബിൽ കളക്ടർമാർക്കും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും വിധി ലഭിച്ചിട്ടില്ല. എന്നാൽ അവർക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് താഴെ പറയും പ്രകാരം വിധികൾ ഉണ്ടായിട്ടുണ്ട്. (see table below)<br><br>മേൽ 1, 2 വിധികളിന്മേൽ ബാങ്ക് റീജിയണൽ ജോയിന്റ് കമ്മീഷണർ മുൻപാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ്. മേൽ 3-ാം നം. കേസിൽ ശ്രീ.എ.ചന്ദ്രൻ G.C 47 /2020 ആയി ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ നൽകിയ കേസ് തള്ളിയതിനെ തുടർന്ന് ടിയാൻ റീജിയണൽ ജോയിന്റ് കമ്മീഷണർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | അപ്പീൽ പെറ്റീഷന്മേലുള്ള തീരുമാനം വരുന്ന മുറയ്ക്ക് ബാങ്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

| ക്രമ നം | പേര് | ജോലി | കേസ് നം /വിധി തീയതി | കോടതി |
|---|---|---|---|---|
| 1 | ശ്രീ. കുഞ്ഞി രാമൻ വി. | ഗ്രാമനിധി നിക്ഷേപ ഏജന്റ് | G.C.NO.16/23<br>11.09.2024 | Deputy Labour Commissioner, Kannur |
| 2 | ശ്രീ.വിജയൻ ഇ. വി. | ഗ്രാമനിധി നിക്ഷേപ ഏജന്റ് | G.C.NO.17/23<br>11.11.2024 | Deputy Labour Commissioner , Kannur |
| 3 | ശ്രീ. എ. ചന്ദ്രൻ | അപ്രൈസർ | G.C.75/2023 | Regional Joint Commissioner, Kozhikode |

സെക്ഷൻ ഓഫീസർ